## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം:7404** — **14.07.2014- ൽ മറുപടിക്ക്**

### കൃഷി ഭവനുകളുടെ ശാക്തീകരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.എ.വാഹീദ്<br>" പാലോട് രവി<br>" വി.ഡി.സതീശൻ<br>" എ.പി.അബ്ദുള്ളക്കുട്ടി | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തുള്ള കൃഷിഭവനുകളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്; വിശദമാക്കുമോ; | (എ) കൃഷിഭവനുകൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എല്ലാ കൃഷിഭവനുകളിലും കമ്പ്യൂട്ടർ, ഇന്റർനെറ്റ് സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഉദ്യോഗസ്ഥർക്ക് കൃഷിയിടങ്ങൾ സന്ദർശിക്കുന്നതിനായി കൃഷിഭവനുകൾക്ക് 550 ഇരുചക്ര വാഹനങ്ങൾ നൽകിയിട്ടുണ്ട്. കാർഷിക വികസന സമിതികൾ യോഗം ചേർന്ന് പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നുണ്ട് |
| (ബി) കർഷകരുടെ എന്തെല്ലാം അടിസ്ഥാന വിവരങ്ങളും കാർഷിക വിവരങ്ങളുമാണ് കൃഷിഭവനുകൾ ശേഖരിച്ച് വരുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;<br>(സി) പ്രസ്തുത വിവരങ്ങൾ ക്രോഡീകരിക്കുവാൻ എന്തെല്ലാം സംവിധാനമാണ് കൃഷിഭവനുകളിൽ ഒരുക്കിയിട്ടുള്ളത്; വിശദമാക്കുമോ; | (ബി) യും (സി) സംസ്ഥാനത്തെ കർഷകരുടെയും അവരുടെ കൃഷിയെ സംബന്ധിച്ചുള്ള സമഗ്രമായ വിവരങ്ങൾ കൃഷി വകുപ്പ് Kissan.gov.in എന്ന data base-ൽ ശേഖരിച്ചു വരികയാണ്. ഇതിനകം 18.7 ലക്ഷം കർഷകരുടെ വിവരങ്ങൾ അക്ഷയ കേന്ദ്രങ്ങൾ വഴി ശേഖരിച്ചു കഴിഞ്ഞു. അക്ഷയ കേന്ദ്രങ്ങൾ വഴി ശേഖരിച്ച വിവരങ്ങൾ കൃഷിഭവനിലെ ഉദ്യോഗസ്ഥർ data base-ൽ പരിശോധിച്ച് |

ഉറപ്പു വരുത്തി വരികയാണ്. സർക്കാർ 2014-15 ലേക്കുള്ള ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞിട്ടുള്ള "അഗ്രികാർഡ്" വിതരണം ഈ data base-ലെ കർഷകർക്ക് നൽകുന്നതിന് കാനറാ ബാങ്കിനെ ഏൽപ്പിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതു സംബന്ധിച്ച നടപടികൾ കാനറാ ബാങ്ക് സ്വീകരിച്ചു വരികയാണ്.

| | |
|---|---|
| (ഡി) ക്രോഡീകരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ കർഷകർക്ക് ബാങ്കുകൾ മുഖേന ധനസഹായം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) സംസ്ഥാന കൃഷി വകുപ്പിന്റെ വിവിധ പദ്ധതികളുടെ ആനുകൂല്യങ്ങൾ കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിൽ നേരിട്ട് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ [ജി.ഒ (എം.എസ്) 152/12/എഡി തീയതി.19.6.2012] 2012-13 വർഷത്തിൽ 'കർഷക രജിസ്ട്രേഷനും ഇ-പേയ്മെന്റും' എന്ന പദ്ധതി പ്രകാരം കർഷകർക്കുള്ള ആനുകൂല്യങ്ങൾ അവരുടെ ബാങ്ക് അക്കൗണ്ടുകളിൽ നേരിട്ട് നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചിരുന്നു. 2012-13 സാമ്പത്തിക വർഷത്തിൽ 201.14 കോടി രൂപയും, 2013-14 വർഷം 368.01 കോടി രൂപയും കർഷകർക്ക് ബാങ്ക് മുഖേന നൽകാൻ നടപടി സ്വീകരിച്ചു. |

സെക്ഷൻ ഓഫീസർ